ഉത്തരം

(എ) 375.26 കോടി രൂപ.

(ബി, സി) വിവരം ശേഖരിച്ചു വരുന്നു.

പാഠപുസ്തകങ്ങളുടെ അച്ചടി സംബന്ധിച്ച കേസ്

551. [690] ശ്രീമതി ഭാർഗവിതങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) പബ്ലിഷേഴ്സ് & പ്രിന്റേഴ്സ് അസോസിയേഷൻ കേരള ഹൈക്കോടതിയിൽ കൊടുത്തിട്ടുള്ള ഹർജി നിലനിൽക്കവെ പാഠപുസ്തകങ്ങളുടെ അച്ചടി തമിഴ് നാട്ടിൽ കൊടുത്തു നടത്തുന്നുണ്ടോ ;

(ബി) കേരള ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം പാഠപുസ്തകങ്ങളുടെ അച്ചടി സംബന്ധിച്ച് പ്രിന്റേഴ്സ് & പബ്ലിഷേഴ്സ് അസോസിയേഷൻ ഭാരവാഹികളുമായി ചർച്ചകൾ നടത്തിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിൻമേൽ എന്തെങ്കിലും തീരുമാനങ്ങൾ ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാകുമോ ;

(ഡി) പാഠപുസ്തകങ്ങളുടെ അച്ചടിയെ സംബന്ധിച്ച് പ്രിന്റേഴ്സ് &പബ്ലിഷേഴ്സ് അസോസിയേഷൻ ഭാരവാഹികളുമായി ചർച്ച ചെയ്ത് പുസ്തകങ്ങളുടെ വില കുറയ്ക്കുവാനും വിതരണത്തിൽ നിലവിലുള്ള കാലതാമസം ഒഴിവാക്കുന്നതിനും വേണ്ടി ആവശ്യമായ നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കാമോ ?

ഉത്തരം

(എ) പേട്ടയിലുള്ള മിനർവ്വ പ്രിന്റിംഗ് വർക്സ് ഉടമയും പബ്ലിഷേഴ്സ് & പ്രിന്റേഴ്സ് അസോസിയേഷൻ സെക്രട്ടറിയുമായ ശ്രീ. കെ. എൻ. ശിവാനന്ദൻ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുന്നതിനു മുൻപ് കഴിഞ്ഞ വർഷം തമിഴ് നാട്ടിലെ രണ്ട് പ്രസ്സുകളിലായി അച്ചടിച്ച നാല് പാഠപുസ്തകങ്ങളുടെ പുനഃഅച്ചടി ഏൽപ്പിച്ചതല്ലാതെ പാഠപുസ്തങ്ങളുടെ അച്ചടി തമിഴ് നാട്ടിൽ കൊടുത്തിട്ടില്ല.

(ബി) പബ്ലിഷേഴ്സ് & പ്രിന്റേഴ്സ് അസോസിയേഷൻ ഭാരവാഹികളുമായി ചർച്ചകൾ നടത്തണമെന്ന് കേരള ഹൈക്കോടതി നിർദ്ദേശിച്ചിട്ടില്ല.

(സി) ഉദിക്കുന്നില്ല.

(ഡി) പുസ്തകങ്ങളുടെ വില കുറയ്ക്കുവാനും വിതരണത്തിലുള്ള കാലതാമസം ഒഴിവാക്കുന്നതിനും പ്രിന്റേഴ്സ് & പബ്ലിഷേഴ്സ് അസോസിയേഷൻ ഭാരവാഹികളുമായി ചർച്ച നടത്തേണ്ട ആവശ്യം ഉണ്ടെന്ന് ഗവൺമെൻറ് കരുതുന്നില്ല.

സ്വകാര്യ സ്കൂളുകൾക്ക് വാർഷിക മെയിൻറനൻസിന് കൊടുക്കുന്ന തുക

552. [720] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സ്വകാര്യ സ്കൂളുകൾക്ക് വാർഷിക മെയിൻറനൻസിനുവേണ്ടി കൊടുക്കുന്ന തുക കൂടിശ്ശികയായിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly